LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിലുള്ള കൺസൾട്ടന്റുമാരുടെ സേവനം

106(1009) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി:
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഇപ്പോൾ എത്ര കൺസൾട്ടന്റുമാരുണ്ട് ;

(ബി) ഇവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ വിദേശികൾ ആരെല്ലാമുണ്ട് ;

(ഡി) ഈ കൺസൾട്ടന്റുമാരുടെ സേവന-വേതന വ്യവസ്ഥകളും അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണ് ;

(ഇ) ഈ കൺസൾട്ടന്റുമാർ അല്ലാതെ വിദേശികൾ ബോർഡ് സർവ്വീസിലോ ബോർഡിനെ സഹായിക്കുന്നവരുടെ കൂട്ടത്തിലോ ഉണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവരുടെ സേവന-വേതന വ്യവസ്ഥകളും അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങളും എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒൻപത്.

(ബി) വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

(സി) എസ്.എൻ.സി. ലാവ്‌ലിൻ.

(ഡി) വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

(ഇ) എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ടിന്റെ കനേഡിയൻ എക്സിക്യൂട്ടീവ് ഏജൻസിയുടെ പ്രോജക്ട് മാനേജരും CIDA (സിഡാ) മുഖേന ലഭ്യമാകുന്ന പരിശീലകരും ബോർഡിനെ സഹായിക്കുന്നുണ്ട്.

(എഫ്) സേവന-വേതന വ്യവസ്ഥകളും ആനുകൂല്യങ്ങളും ബോർഡിൽ ലഭ്യമല്ല. CIDA അതിന്റെ എക്സ്ക്യൂട്ടീവ് ഏജൻസി മുഖേനയാണ് പദ്ധതി നടത്തിക്കുന്നത്.

സംസ്ഥാനത്തിലെ വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം

107(1010) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†അനുബന്ധം-XII

ഇരിട്ടി, എന്നീ 66 കെ. വി. സബ്സ്റ്റേഷനുകളുടെയും മുതലമട, ആലത്തൂർ, കൊടുവായൂർ, നെല്ലിയാംപതി, ചക്കിട്ടപ്പാറ എന്നീ 33 കെ.വി. സബ് സ്റ്റേഷനുകളുടെയും അനുബന്ധലൈനുകളുടെയും, അഗസ്ത്യമൂഴി, മേല്പയൂർ എന്നീ സബ് സ്റ്റേഷനുകളിലേക്കുള്ള 110 കെ.വി ലൈനിന്റേയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നുണ്ട്. കനേഡിയൻ അന്താരാഷ്ട്ര വികസന ഏജൻസിയുടെ (CIDA) സാമ്പത്തികസഹായത്തോടെ നിലവിലുള്ള മലപ്പുറം-എടരിക്കോട്-തിരൂർ, ഷൊർണ്ണൂർ-കുറ്റനാട്-എടപ്പാൾ എന്നീ 66 കെ.വി.പ്രസരണ ലൈനുകളും അനുബന്ധ നാല് സബ് സ്റ്റേഷനുകളും 110 കെ.വി.യായി ഉയർത്തുന്ന പണി അന്തിമഘട്ടത്തിലാണ്. ഇതിനൊക്കെ പുറമേ ആർ. ഇ. സിയുടെ ധനസഹായത്തോടെ ആറ് പുതിയ 110 കെ.വി. സബ് സ്റ്റേഷനുകൾ, നാൽപ്പത്തിയഞ്ച് 33 കെ.വി. സബ് സ്റ്റേഷനുകൾ തുടങ്ങിയ പദ്ധതികളുടെ പണികൾ പ്രാരംഭഘട്ടത്തിലാണ്.

വിതരണരംഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ഈ വർഷം 108.32 കിലോമീറ്റർ 11.കെ.വി ലയിൻ വലിച്ചിട്ടുണ്ട്.197.82 കിലോമീറ്റർ എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലയിനാക്കി മാറ്റി പുതിയ 282 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 214 നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുൻപറഞ്ഞ പ്രകാരം പ്രസരണ രംഗത്ത് വിതരണരംഗത്ത് ചെയ്തു കഴിഞ്ഞ പണികളുടെ ഫലമായി ദയനീയാവസ്ഥയിലായിരുന്ന മലബാർ ഭാഗത്തെ വോൾട്ടേജ് നില മെച്ചപ്പെട്ടിട്ടുണ്ട്. പ്രസരണരംഗത്ത് നടന്നുകൊണ്ടിരിക്കുന്നതും ആർ.ഇ.സി.യുടെ സഹായത്തോടെ ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പൂർത്തീകരണത്തോടുകൂടി വോൾട്ടേജ് നില ഗണ്യമായി മെച്ചപ്പെടുന്നതാണ്.

അനുബന്ധം XII

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 106(1009) ദയവായി കാണുക]

വൈദ്യുതി ബോർഡിലെ കൺസൾട്ടന്റുമാരുടെ പേരും അവരുടെ സേവന-വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും

	കൺസൾട്ടൻസിയുടെ പേര്	കൺസൾട്ടൻസിയുടെസേവന വേതന വ്യവസ്ഥകളും മറ്റും
	(1)	(2)
1.	മാസ്സേഴ്സ് ഫിഷ്നർ കൺസൾട്ടിംഗ്എഞ്ചിനീയേഴ്സ് (ഇൻഡ്യാ) പ്രൈവറ്റ്ലിമിറ്റഡ്, ചെന്നൈ.	അടങ്കൽ തുകയുടെ 1.26 ശതമാനം നിരക്കിൽ മിനിമം 25,20,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)
2.	നാഷണൽ തെർമ്മൽ പവർ കോർപ്പറേഷൻ	ഏകദേശം മൂന്ന് കോടി രൂപ
3.	ഡവലപ്പ്മെന്റ് കൺസൾട്ടന്റ് ലിമിറ്റഡ് കൽക്കത്ത	പ്രോജക്ട് തുകയുടെ 3%
4.	ശ്രീ. എം.എം. ബാബുനാരായണൻ	26,000 രൂപ
5.	ക്രിസിൽ, ബോംബെ	ഓരോ പ്രവൃത്തി ദിവസവും സീനിയർ അസോസിയേറ്റ് ലെവലിന് 15,000 രൂപയും മാനേജർ ലെവലിന് 20,000 രൂപയുമാണ്. കൂടാതെ യാത്രാചെലവ്, താമസച്ചെലവ് എന്നിവയും നൽകുന്നു.
6.	ശ്രീ. എസ്. ഗോപാലകൃഷ്ണപിള്ള	പ്രതിമാസം 4000 രൂപയും ക്ലാസ് -1 ഓഫീസർമാർക്ക് യോഗ്യമായ റ്റി.എ.യും, ഡി.എ.യും.
7.	എസ്.എൻ.സി. ലാവലിൻ	കുറ്റ്യാടി എക്സ്റ്റൻഷൻപദ്ധതിക്കുവേണ്ടി 4852861 കനേഡിയൻ ഡോളറും (വിമാന യാത്രാസൗകര്യം, താമസസൗകര്യം, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് നികുതികൾ ഇവയും നൽകുന്നു) പന്നിയാർ, ചെങ്കുളം പളളിവാസൽ പദ്ധതികളുടെ നവീകരണത്തിനു വേണ്ടി 7190000 കനേഡിയൻ ഡോളറും. (താമസസൗകര്യം, വാഹന ഗതാഗതസൗകര്യം ഇവയും നൽകുന്നു).
8.	ശ്രീ. എം. അച്യുതൻ നായർ	ഒരു വർഷത്തേക്ക് 6000 രൂപ
9.	മെസ്സേഴ്സ് വർമ്മ ആന്റ് വർമ്മ	ഒരു അസ്സസ്മെന്റ് വർഷത്തേക്ക് ഇൻകം ടാക്സ്- 13000 രൂപ അഗ്രികൾച്ചറൽ ഇൻകം ടാക്സ്-2600 രൂപ ഇൻകം ടാക്സ് ഓഡിറ്റിംഗ് - 25000 രൂപ അപ്പീൽ കേസിന് ഒരു അസ്സസ്മെന്റ് വർഷത്തേക്ക് ഇൻകം ടാക്സ് കുറഞ്ഞത്- 1300 രൂപ പരമാവധി - 13000 രൂപ അഗ്രികൾച്ചറൽ ഇൻകം ടാക്സ്-1300 രൂപ സെയിൽസ് ടാക്സ് കുറഞ്ഞത്- 1300 രൂപ കൂടിയത് - 6500 രൂപ

LIBRARY ARCHIVES Kerala Legislative Assembly